(1)	(2)	(3)
8	മീഡിയം ടേം ലോൺ	23.95
9	ആർ.ഇ.സി.	348.52
10	ആർ.ഇ.സി. വഴി ഒ.ഇ.സി.എഫ്.	13.75
11	കമേഴ്സിയൽ ബാങ്കുകൾ	70.74
12	പി.എഫ്.സി.	136.28
13	കെ.പി.എഫ്.സി.	19.70
14	കോഴിക്കോട് ഡീസൽ പവർ പ്രോജകക്ടിനു വേണ്ടിയുള്ള ടേം ലോൺ	7.73
15	കെ.എസ്.ഇ. ബോണ്ട്	126.77
16	നോൺ എസ്.എൽ.ആർ. ബോണ്ട്	1584.13
	ആകെ	3108.25

(സി) എടുത്ത വായ്പകൾ വ്യവസ്ഥകൾ പ്രകാരം തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ഉൽപ്പാദന ചെലവ്

110 (2688) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉല്പാദന ചെലവ് യൂണിറ്റിന് എന്തു തുക ആകുന്നുണ്ട് ;

(ബി) വൈദ്യുതി ഒരു യൂണിറ്റിന് ഉപഭോക്താക്കൾക്ക് നൽകുന്ന വിലയെന്ത് ;

(സി) ഉല്പാദന ചെലവിനും കുറഞ്ഞ വിലയ്ക്ക് വൈദ്യുതി വിൽക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ബോർഡിന് പ്രവർത്തന നഷ്ടം ഉണ്ടാകുന്നത് എന്ത് കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ നിലയങ്ങളിൽ ഉല്പാദിപ്പിക്കുന്ന ജലവൈദ്യുതി, ഡീസൽ നിലയങ്ങളിലെ താപവൈദ്യുതി, എൻ.ടി.പി.സി.യുടെ കായംകുളം തെർമൽ വൈദ്യുതി, കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി ഇവ കൂട്ടിക്കലർത്തി (പൂൾ ചെയ്ത്) പ്രസരണ വിതരണ ചെലവുകൾ ഉൾപ്പെടെ ഡിസ്ട്രിബ്യൂഷൻ പോയിന്റിൽ ഉല്പാദനചെലവ് യൂണിറ്റൊന്നിന് 215 പൈസയായി കണക്കാക്കിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) താരിഫ് റേറ്റ് 14-5-1999-ലെ ബോർഡ് ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്.അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉല്പാദന ചെലവിനും, കുറഞ്ഞ വിലയ്ക്ക് കാർഷികാവശ്യങ്ങൾക്കും, ഗാർഹിക ഉപഭോക്താക്കൾക്കും മറ്റും വൈദ്യുതി നൽകുന്നുണ്ട്.

(ഡി&ഇ) പ്രസക്തമല്ല.

കായംകുളത്തെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം

111 (2689) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽപ്പെട്ട കൃഷ്ണപുരം, ദേവികുളത്തെ പത്തിയൂർ, കണ്ടല്ലൂർ, മുതുകുളം എന്നീ പഞ്ചായത്തുകളിലും കായംകുളം നഗരത്തിലുമായി ഇപ്പോൾ നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കളുടെ ആകെ എണ്ണം എത്ര;

(ബി) ഇത് പഞ്ചായത്ത് നഗരസഭ അടിസ്ഥാനത്തിൽ എത്രവീതം;

(സി) ഇതിൽ കരുനാഗപ്പള്ളി ഡിവിഷന്റെ കീഴിൽ വരുന്നത് എത്ര പേർ; മാവേലിക്കര ഡിവിഷന്റെ കീഴിൽ വരുന്നത് എത്ര പേർ;

(ഡി) കരുനാഗപ്പള്ളി വൈദ്യുതി ഡിവിഷന്റെ കീഴിൽ ആകെ ഉപഭോക്താക്കൾ എത്ര; മാവേലിക്കര വൈദ്യുതി ഡിവിഷന്റെ കീഴിൽ ആകെ ഉപഭോക്താക്കൾ എത്ര;

(ഇ) ഒരു വൈദ്യുതി ഡിവിഷന്റെ കീഴിൽ അത്യാവശ്യം വേണ്ട ഉപഭോക്താക്കൾ എത്ര;

(എഫ്) മിനിമം ഉപഭോക്താക്കൾ ഇല്ലെങ്കിലും പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒരു പുതിയ ഡിവിഷൻ രൂപീകരിക്കാൻ വൈദ്യുതി ബോർഡ് മുൻപ് എന്നെങ്കിലും തയ്യാറായിട്ടുണ്ടോ;

(ജി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകുമോ;

(എച്ച്) നിലവിലുള്ള സർക്കാർ വന്നശേഷം രൂപീകരിച്ച പുതിയ വൈദ്യുതി ഡിവിഷൻ ഏതൊക്കെയാണ്; അവയിലെ ഓരോന്നിലേയും ഉപഭോക്താക്കളുടെ എണ്ണം എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30,834.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly